**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1797** **29-09-2025 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ വകുപ്പുമുഖേന വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന വടകര നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതിയുൾപ്പടെ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശം അറിയിക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും ഏതെല്ലാമാണ്; വിശദാംശം അറിയിക്കുമോ; | (ബി) | മടപ്പള്ളി ഗവ. കോളേജിൽ സെമിനാർ കോംപ്ലെക്സിന് 2023-ൽ 1,23,00,000 (ഒരു കോടി ഇരുപത്തി മൂന്ന് ലക്ഷം) രൂപ അനുവദിച്ചിരുന്നുവെങ്കിലും അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പുതുക്കിയ DSR പ്രകാരം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് 3.53 കോടി രൂപയുടെ ഭരണാനുമതി നൽകുന്ന വിഷയം പരിഗണനയിലാണ്.<br><br>ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള വടകര മോഡൽ പോളിടെക്നിക്ക് കോളേജിൽ 'സെമിനാർ ഹാൾ സജ്ജീകരിക്കലും കോമൺ കമ്പ്യൂട്ടിങ് ഫെസിലിറ്റി സ്ഥാപിക്കലും" എന്ന പ്രവൃത്തിക്കായി 29.03.2025-ലെ സ.ഉ.(സാധാ) 417/2025/HEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്, ഐ.എച്ച്.ആർ.ഡി-യുടെ പദ്ധതി വിഹിതത്തിൽ നിന്നും മേൽ തുക ചെലവഴിക്കുവാൻ 16.08.2025-ലെ J1/446/2024-നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ നിലവിൽ മറ്റു പദ്ധതികൾക്കായി പദ്ധതി വിഹിതം ഉപയോഗിച്ചതിനാൽ പ്രസ്തുത പ്രവൃത്തിയും ആരംഭിക്കാൻ സാധിച്ചിട്ടില്ല.<br><br>മേൽ പ്രവൃത്തികൾ പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് പൂർത്തികരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്ന് അറിയിക്കുമോ; വിശദാംശം | (സി) | (ബി)-യിൽ മറുപടി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ലഭ്യമാകുമോ; | | |
| (ഡി) | ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശസ്ഥാപന വിഹിതങ്ങൾ എത്രവീതമാണ്; വിശദമാക്കാമോ; | (ഡി) | (ബി)-യിൽ മറുപടി നൽകിയിട്ടുണ്ട്. |
| (ഇ) | ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പുമുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഇ) | ഈ സർക്കാരിന്റെ കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന 4,18,21,536(നാല് കോടി പതിനെട്ട് ലക്ഷത്തി ഇരുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തി ആറ്) രൂപ ചെലവാക്കിയിട്ടുണ്ട്. വർഷവും ഇനവും തിരിച്ചുള്ള കണക്കുകൾ പിരിവ് എ-യ്ക്ക് മറുപടിയായി ചേർത്തിട്ടുള്ള അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| 2021-22 | | |
|---|---|---|
| സ്ഥാപനത്തിന്റെ പേര് | ഇനം | തുക |
| ഗവ. കോളേജ് മടപ്പള്ളി | മേൽക്കൂര ഷീറ്റുകളുടെ മാറ്റിവെക്കൽ, പി.ജി ബ്ലോക്കിന്റെ ശേഷിച്ച ജോലികൾ എന്നിവ | 55,44,572 |
| | സൈക്കോളജി അപ്രൻറീസിന്റെയും ഏൺ വൈൽ യു ലേൺ പദ്ധതിയിലെയും പ്രതിഫലം | 2,23,169 |
| | ഐ.ടി ഉപകരണങ്ങൾ വാങ്ങൽ | 27,75,333 |
| | ലാബ് രാസവസ്തുക്കൾ, ഉപകരണങ്ങൾ, പുസ്തകങ്ങൾ വാങ്ങൽ | 37,50,079 |
| | സ്പോർട്സ് സാമഗ്രികൾ വാങ്ങൽ | 2,98,710 |
| | **ആകെ** | **1,25,91,863** |
| **2022-23** | | |
| ഗവ. കോളേജ് മടപ്പള്ളി | മൊബൈൽ ഫോൺ വാങ്ങൽ | 10,000 |
| | യുപിഎസ് ബാറ്ററിയും ഫർണിച്ചറും | 5,27,795 |
| | ഏൺ വൈൽ യു ലേൺ, ഹംഗർ ഫ്രീ, ജീവനി പദ്ധതികൾ | 7,10,928 |
| | സ്പെസിമെൻ | 7,17,657 |
| | മാച്ചിംഗ് ഗ്രാന്റ് | 2,02,800 |
| | സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ | 1,49,953 |
| | Infrastructure Grants (RUSA 1.0) | 1,34,646 |
| ഐ.എച്ച്.ആർ.ഡി മോഡൽ പോളിടെക്നിക്ക് കോളേജ്, വടകര | പ്രധാന കെട്ടിടത്തിന്റെ രണ്ടാം നിലയുടെ നിർമ്മാണം | 1,00,00,000 |
| | **ആകെ** | **1,24,53,779** |
| **2023-24** | | |
| ഗവ. കോളേജ് മടപ്പള്ളി | സെമിനാറുകളും വർക്ഷോപ്പുകളും | 6,60,690 |
| | ലാബ്, ലൈബ്രറി ഉപകരണങ്ങൾ വാങ്ങൽ, റെസിഡൻഷ്യൽ ഫ്ളാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് പരിശോധന | 10,94,846 |

| | | |
|---|---|---|
| | ജീവനി ശമ്പളം, ഹംഗർ ഫ്രീ, ഏൺ വൈൽ യു ലേൺ, പഠന യാത്ര | 16,31,484 |
| | കോച്ചിംഗ് ക്യാമ്പ്, കായിക സാമഗ്രികൾ വാങ്ങൽ | 2,12,000 |
| | ഓഡിറ്റോറിയം നവീകരണവും ഐ.ടി ഉപകരണങ്ങൾ വാങ്ങൽ | 95,06,693 |
| | **ആകെ** | **1,31,05,713** |
| **2024-25** | | |
| ഗവ. കോളേജ് മടപ്പള്ളി | കോഴ്സ് അഫിലിയേഷനും, റെക്കഗ്നിഷൻ പുതുക്കുന്നതിനും | 41,880 |
| | ഉപകരണങ്ങൾ, രാസവസ്തുക്കൾ, സ്പെസിമെൻ വാങ്ങൽ, ക്ലീൻ കാമ്പസ് | 5,82,434 |
| | ഏൺ വൈൽ യു ലേൺ, പഠന യാത്ര, ജീവനി ഹംഗർ ഫ്രീ | 19,51,467 |
| | കോച്ചിംഗ് ക്യാമ്പ്, കായിക സാധനങ്ങൾ വാങ്ങൽ | 1,74,090 |
| | ഐ.ടി ഉപകരണങ്ങൾ വാങ്ങൽ | 9,20,310 |
| | **ആകെ** | **36,70,181** |

| | |
|---|---|
| **2021-22** | **1,25,91,863** |
| **2022-23** | **1,24,53,779** |
| **2023-24** | **1,31,05,713** |
| **2024-25** | **36,70,181** |
| **ആകെ** | **4,18,21,536** |

* ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഒരു പഠന കേന്ദ്രം വടകര CAPE എഞ്ചിനിയറിംഗ് കോളേജിൽ 2025 അഡ്മിഷൻ മുതൽ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ